**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4475** **19-07-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മേഖലയിലെ ശൈശവ ആരോഗ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിൽ തുടർച്ചയായി ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇവിടുത്തെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. അട്ടപ്പാടിയിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മറ്റും ആക്ഷേപങ്ങളുണ്ടായതിനെ തുടർന്ന് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും വിവിധ സംഘടനാ പ്രതിനിധികളുടെയും യോഗം ചേരുകയും അട്ടപ്പാടിയുടെ സമഗ്രമായ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവ ചേർന്ന് സംയോജിത ഇടപെടലാണ് അട്ടപ്പാടിയിൽ നടത്തി കൊണ്ടിരിക്കുന്നത്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിൽ വകുപ്പ് മുഖേന നടത്തുന്ന ആരോഗ്യ, പോഷക ക്ഷേമപ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ (ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷ്യൻ) കൺസൾട്ടന്റിനെ നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലയിലെ എം.പി, മണ്ണാർക്കാട് എം.എൽ.എ, പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും, ഒറ്റപ്പാലം സബ് കളക്ടർ കൺവീനറുമായുള്ള 10 അംഗ ഏകോപന സമിതി അട്ടപ്പാടിയിലെ പട്ടിക വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നു.<br><br>പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഗർഭാവസ്ഥയിലുള്ള അമ്മയ്ക്കും കുഞ്ഞിനും പോഷകാഹാരം ലഭ്യമാക്കുന്നതിനുമായി വകുപ്പ് |

| | | | |
|---|---|---|---|
| | | | മുഖേന ജനനീജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം 2000/- രൂപ വീതം ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ടി തുക പ്രസ്തുത ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട എസ്.റ്റി പ്രൊമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതി പ്രകാരം ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകുന്നുമുണ്ട്.<br><br>അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേയ്ക്കായി വനിതാശിശുവികസന വകുപ്പ് മുഖേന ആദ്യ 1000 ദിന പരിപാടി, കമ്മ്യൂണിറ്റി കിച്ചണുകൾ, പെൺട്ടിക കൂട്ടം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ICDS ഗുണഭോക്താക്കളുടെ nutritional status real time ആയി മോണിറ്റർ ചെയ്യുന്നതിന് ജാതക് ജനനി പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വളരെ കാര്യക്ഷമമായി അട്ടപ്പാടിയിൽ നടപ്പിലാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർ മുഖാന്തിരം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അട്ടപ്പാടി ഊരുകളിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ഒരു പരിധിവരെ ഗുണം ചെയ്യുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ പ്രവർത്തിക്കാത്ത സമൂഹ അടുക്കളകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കാത്ത സമൂഹ അടുക്കളകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കുടുംബശ്രീയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | നവജാതശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ ഗർഭാവസ്ഥയിലെ പരിചരണത്തിന് പ്രാധാന്യമുള്ളതിനാൽ ഈ കാര്യത്തിൽ എന്തൊക്കെ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും അമ്മമാരുടെ ഗർഭാവസ്ഥയിലെ പരിചരണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസ് സേവനം പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.<br>2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി |

ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

3. അർഹമായവർക്കെല്ലാം ജനനി-ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം ധനസഹായം നൽകിവരികയും ലഭ്യമാകുന്ന തുക പോഷകാഹാരം വാങ്ങുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.
4. ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകി വരുന്നുണ്ട്.
5. അട്ടപ്പാടി ഐ.ടി.ഡി.പി-യുടെ കീഴിലുള്ള ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കുന്നു.
6. ODK Collect App വഴി അട്ടപ്പാടി ഊരുകളിലെ പട്ടികവർഗ ഗർഭിണികളുടെ വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം നിരീക്ഷിച്ച് വരികയും ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ ആയത് പ്രതിവാരം അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.
7. ഗർഭിണികളുടെ ആരോഗ്യ പരിചരണം കൃത്യമായി ഉറപ്പ് വരുത്തുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, ഹെൽത്ത് നേഴ്സുമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം പരിശോധിക്കുന്നതിനായി 3 പഞ്ചായത്തുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.
8. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ കൺസൾട്ടന്റ് (ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷൻ)നെ നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.
9. അട്ടപ്പാടി മേഖലയിലെ ഗർഭിണികളിലെ വിളർച്ച നിർണയം നടത്തുന്നതിന് 2022 ഏപ്രിൽ മാസം ക്യാമ്പ് സംഘടിപ്പിക്കുകയും വിളർച്ചയുള്ളവരിൽ സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.
10. ANM/GNM യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതികളെ

| | | | |
|---|---|---|---|
| | | | റസിഡൻഷ്യൽ സഹായികളായി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്ന് ഓണറേറിയം അനുവദിച്ചുകൊണ്ട് വാത്സല്യസ്പർശം എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ